പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 721 | 28.09.2011- ൽ മറുപടിക്ക്

## ജിയോടെക്സ്റ്റൈൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ.ടി. ജലീൽ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| കയർ ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, ജിയോടെക്സ്റ്റൈൽ പോലുള്ള പുതിയ മേഖലകൾ എന്നിവയെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കുമോ ? | കയർ മേഖലയിൽ വൈവിധ്യവൽക്കരണം, ജിയോടെക്സ്റ്റയിൽ മേഖല എന്നിവ കൂടുതൽ ശക്തമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്<br>• കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി വിവിധ തരത്തിലുള്ള ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും അവ പലതും വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുകയും ചെയ്തുവരുന്നു. റബ്ബറിൽ കയർ പിത്ത് ഫില്ലർ മെറ്റീരിയലായി ഉപയോഗിച്ചുകൊണ്ടുള്ള ചെരിപ്പുകൾ. സങ്കരയാൺ ഉപയോഗിച്ച് നിർമ്മിച്ച വിവിധ തരത്തിലുള്ള ബാഗുകൾ, ടേബിൾ മാറ്റ്, ബെഡ്സൈഡ് റഗ് മുതലായവ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ടവയാണ്. ഫോം മാറ്റിംഗ്സ്(ഇന്ത്യ) |

| | |
|---|---|
| | ലിമിറ്റഡിന്റെ നേതൃത്വത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ പൂർത്തിയായി വരുന്ന കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി വൈവിദ്ധ്യവൽക്കരണത്തിന്റെ മറ്റൊരുദാഹരണമാണ് കൂടാതെ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കയറും റബ്ബറും സംയോജിപ്പിച്ചു കൊണ്ടുള്ള ഫ്ളോർ ടൈൽസ്, റൂഫ് ടൈൽസ്, റിജിഡ് പാനൽസ് എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണം നടന്നു വരുന്നു.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വരുന്ന നിർമ്മാണ പ്രവർത്തനങ്ങളായ ബണ്ട് നിർമ്മാണം, മണ്ണൊലിപ്പ് തടയൽ, കനാൽ ചരിവുകളുടെ സംരക്ഷണം, ഗ്രാമീണ റോഡിന്റെ നിർമ്മാണം എന്നിവയിൽ കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പരിശീലന പരിപാടികൾ സംസ്ഥാനത്തൊട്ടാകെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്ക് നൽകി വരുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കയർ ഭൂവസ്ത്രം ഒരു നിർമ്മാണ വസ്തുവായി അംഗീകരിച്ചതിനെ |

| | |
|---|---|
| | തുടർന്ന് മണ്ണ്, ജല സംരക്ഷണത്തിനായി ഇവ വ്യാപകമായി ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. മാത്രമല്ല കയർ ജിയോ ടെക്സ്റ്റയിൽസിന്റെവിവിധ ഉപയോഗങ്ങളെ സംബന്ധിച്ച് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തി വരികയുമാണ് |

സെക്ഷൻ ഓഫീസർ